ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിളകൾക്ക് നൽകിയ ധനസഹായം/ സബ്സിഡി സംബന്ധിച്ച വിശദാംശംങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) വാനില കൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 2002-2003-ൽ 15 ലക്ഷം രൂപയും സർക്കാർ ഫാമുകളിൽ ഗുണമേന്മയുള്ള വാനിലതൈകൾ ഉണ്ടാക്കുന്നതിന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകൾക്കു നൽകി. ഇതേ ജില്ലകൾക്കു 2003-2004-ൽ 10 ലക്ഷം രൂപയും നൽകി. 2002 ഫെബ്രുവരി മാസത്തിൽ സർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജു പദ്ധതി പ്രകാരം റബ്ബർ സംഭരണത്തിനായി 7.21166 കോടി രൂപ വിവിധ സംഭരണ വിപണന ഏജൻസികൾക്കു നൽകുകയുണ്ടായി.

(ഡി) കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെൽകൃഷി ആദായകരമാക്കാൻ നടപടി

58 [2921] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ആദായകരമാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) യന്ത്രവൽക്കരണത്തിന്റെ സഹായമില്ലാതെ നെൽകൃഷി നടത്തുന്ന ചെറുകിട കർഷകർക്ക് ഏക്കറൊന്നിന് എത്ര കർഷകത്തൊഴിലാളികളെ നിയോഗിക്കേണ്ടിവരുമെന്ന് അറിയിക്കാമോ;

(സി) കർഷകത്തൊഴിലാളികൾക്ക് സംസ്ഥാനത്ത് നിലവിലിരിക്കുന്ന അംഗീകൃത കൂലി നിരക്ക് എത്രയെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിലെ എല്ലാ പാടശേഖരങ്ങളിലും തൊഴിൽ സമയവും കൂലിനിരക്കും ഒരേപോലെയാണോ;

(ഇ) ട്രാക്ടറും മെതിയന്ത്രവും പ്രായോഗികമല്ലാത്ത പാടശേഖരങ്ങളിലെ നെൽകർഷകർക്ക് കർഷക തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി കൂലിച്ചെലവിന്റെ പകുതി സബ്സിഡിയായി നൽകുമോ;

(എഫ്) നെൽകൃഷി മാത്രം ജീവിതോപാധിയായിട്ടുള്ള കർഷകർക്ക് പ്രോത്സാഹനമായി ക്ഷേമപദ്ധതി ആരംഭിക്കാനും ഇതര ആനുകൂല്യങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം 2004-2005-ൽ 1080 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചും ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉല്പാദനച്ചെലവ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽകൃഷിയ്ക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്ത് കാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിനു ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാദികൾ ലഭ്യമാക്കുവാനും സംസ്ക്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിപ്രകാരം ആയിരം രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(ബി) യന്ത്രവൽക്കരണം കൂടാതെ നെൽകൃഷി ചെയ്യുന്നതിന് ഏക്കറൊന്നിന് ഏകദേശം 15 പുരുഷ തൊഴിലാളികളെയും, 60 സ്ത്രീ തൊഴിലാളികളെയും നിയോഗിക്കേണ്ടിവരും.

(സി) 2003 മെയ് 26-ലെ തൊഴിൽവകുപ്പിന്റെ ഉത്തരവുപ്രകാരം കിള, ചുമട്, ബണ്ട് പണി എന്നീ കാഠിന്യമേറിയ കാർഷിക ജോലികൾക്ക് 125 രൂപയും കളയെടുപ്പ്, പായൽ വാര്, നടീൽ, വിത്തിടൽ എന്നീ കാഠിന്യം കുറഞ്ഞ ജോലികൾക്ക് 72 രൂപയുമാണ് മിനിമം വേതനം.

(ഡി) മിനിമം വേതനവിജ്ഞാപനമനുസരിച്ച് എല്ലായിടത്തും 8 മണിക്കൂർ ആയി ജോലി സമയം തിട്ടപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനവിജ്ഞാപന മനുസരിച്ചുള്ള കൂലി നിരക്കുകൾ എല്ലായിടത്തും ഒരേപോലെ ബാധകമാണ്.

(ഇ ആന്റ് എഫ്) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

നെൽകൃഷിക്കുള്ള ചെലവ്

59 [2922] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള ചെലവിൽ എന്തൊക്കെ മാറ്റങ്ങൾ വന്നിട്ടുണ്ട് എന്ന് പറയാമോ;

(ബി) ഈ ചെലവിൽ വർദ്ധനവാണോ, കുറവാണോ ഉണ്ടായതെന്ന് വ്യക്തമാക്കാമോ;

(സി) നെൽകൃഷിചെലവ് വർദ്ധിക്കുകയും നെല്ലിനു വില കുറയുകയും ചെയ്ത സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ സർക്കാർ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly